**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4052</u>** **<u>28-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ വിവിധ പദ്ധതികൾ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ഇരവിപുരം മണ്ഡലത്തിൽ ബ്ലോക്ക് എഫ്.എച്ച്.സി പാലത്തറ, എഫ്.എച്ച്.സി മയ്യനാട്, പി.എച്ച്.സി ഇരവിപുരം എന്നിങ്ങനെ 3 ആരോഗ്യ സ്ഥാപനങ്ങളാണ് ഉള്ളത്.<br><br>ആശുപത്രി നവീകരണത്തിന്റെ ഭാഗമായി പാലത്തറ ബ്ലോക്ക് എഫ്.എച്ച്.സി യിൽ നബാർഡ് പദ്ധതി പ്രകാരം പുതിയ ഒ.പി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മയ്യനാട് ബ്ലോക്ക് എഫ്.എച്ച്.സിയിൽ 2021 ൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചു. ലബോറട്ടറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2021 ൽ ഫുള്ളി ആട്ടോമാറ്റഡ് ബയോകെമിസ്ട്രി അനലൈസർ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. പാലത്തറ, മയ്യനാട് എന്നീ ബ്ലോക്ക് എഫ്.എച്ച്.സി കളിൽ ആർദ്രം വിഭാവനം ചെയ്ത ഒ.പി.ഡി ട്രാൻസ്ഫർമേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ എൻ.എച്ച്.എം മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | പി.എച്ച്.സി ഇരവിപുരം | പുതിയ കെട്ടിട നിർമ്മാണം | നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 2. | സി.എച്ച്.സി മയ്യനാട് | ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 3. | സി.എച്ച്,സി പാലത്തറ | | നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 4. | എഫ്.ബ്ല്യൂ.സി നടുവിലക്കര | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ ആക്കി ഉയർത്തൽ | DPR തയ്യാറാക്കി വരുന്നു. |
| 5. | എഫ്.ബ്ല്യൂ.സി ധവളക്കുഴി | | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു |
| 6. | എഫ്.ബ്ല്യൂ.സി മാടൻനട | | |
| 7. | എഫ്.ബ്ല്യൂ.സി പാലത്തറ മെയിൻ സെന്റർ | | DPR തയ്യാറാക്കി വരുന്നു. |
| 8. | എഫ്.ബ്ല്യൂ.സി തട്ടാമല | | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു |
| 9. | എഫ്.ബ്ല്യൂ.സി പൂന്തലത്താഴം | | DPR തയ്യാറാക്കി വരുന്നു. |
| 10. | എഫ്.ബ്ല്യൂ.സി ഇരവിപുരം | | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു |
| 11. | എഫ്.ബ്ല്യൂ.സി പുത്തൻനട | | |
| 12. | എഫ്.ബ്ല്യൂ.സി തെക്കേവിള | | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ